# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:305** **27.02.2017-ൽ മറുപടിക്ക്**

## ക്യാൻസർ രോഗ നിർണ്ണയ കേന്ദ്രങ്ങൾ

**ചോദ്യം** **മറുപടി**

**ശ്രീ.എം. സ്വരാജ്**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കുമോ; | (എ &ബി) | സംസ്ഥാനത്ത് ക്യാൻസർ രോഗം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ രോഗബാധിതരുടെ എണ്ണത്തിന് ആനുപാതികമായി സർക്കാർ തലത്തിൽ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളുടെ ദൗർലഭ്യതയ്ക്ക് പരിഹാരമായി സംസ്ഥാന ആരോഗ്യവകുപ്പ് എല്ലാ ജില്ലയിലും ഒരു ക്യാൻസർ ചികിത്സാ കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 12 ജില്ലകളിലായി 16 ആശുപത്രികളിൽ ഈ പദ്ധതി നിലവിലുണ്ട്. ക്യാൻസർ സ്പെഷ്യലിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ കാൻസർ രോഗ നിർണ്ണയ പരിശീലനം നൽകി വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 16,000-ൽപ്പരം കീമോതെറാപ്പി ഈ സെന്ററുകളിലൂടെ നൽകുന്നതിനും 1500-ൽപ്പരം പുതിയ രോഗികളെ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിനു പുറമേ എല്ലാ ജില്ലയിലും ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനും ക്യാൻസർ ബോധവത്ക്കരണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന മെഡിക്കൽ കോളേജുകളിൽ കാൻസർ രോഗമുണ്ടോ എന്ന സംശയത്താൽ വരുന്ന രോഗികളെ എഫ്.എൻ.എ.സി, മാമോഗ്രാം, പാപ്സ്മിയർ എന്നീ പ്രാരംഭ പരിശോധനകൾക്ക് വിധേയമാക്കി രോഗം കണ്ടുപിടിച്ചാൽ ചികിത്സ നൽകുന്നതാണ്. താലൂക്ക് ആശുപത്രികളുമായി ബന്ധപ്പെട്ട് കാൻസർ ബോധവൽക്കരണ ക്യാമ്പുകളും ക്ലാസ്സുകളും നടത്തിവരുന്നു.<br>ക്യാൻസർ ബാധിച്ച രോഗികളെ ചികിത്സിക്കുന്നതിനായി അതിനൂതനമായ ചികിത്സാ സംവിധാനങ്ങൾ ആർ.സി.സി യിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ക്യാൻസർ ഗവേഷണത്തിനും, നമ്മുടെ നാടിന് യോജിച്ചതായ ക്യാൻസർ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനും ആർ.സി.സി മുൻഗണന നൽകിയിട്ടുണ്ട്. ആർ.സി.സി യുടെ ഉപകേന്ദ്രങ്ങളായ എറണാകുളം ജില്ലയിലെ കലൂരും, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി നൽകിവരുന്നു. വിവിധ സംഘടനകളുമായി ചേർന്ന് മുൻകൂർ ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പുകളും |
| (ബി) | ആരംഭത്തിൽ തന്നെ കണ്ടു പിടിച്ചാൽ ഇവയിൽ ഭൂരിഭാഗവും ചികിത്സിച്ച് ഭേദപ്പെടുത്താൻ കഴിയുമെന്നിരിക്കെ രോഗം ഉണ്ടോ എന്ന പരിശോധനക്കായുള്ള കേന്ദ്രങ്ങൾ എല്ലാ താലൂക്കിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | | |

| | | | |
|---|---|---|---|
| | | | ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. ആരോഗ്യവകുപ്പിന് കീഴിൽ അർബുദ പരിശോധന സംവിധാനം പുനലൂർ താലൂക്കാശുപത്രിയിലും, നല്ലൂർനാട് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും നിലവിൽ ലഭ്യമാണ്. ഇത് കൂടുതൽ താലൂക്കാശുപത്രിയിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പൊതുജനങ്ങൾക്ക് ഇത്തരം കേന്ദ്രങ്ങളെ സംബന്ധിച്ചും പരിശോധനകളെ സംബന്ധിച്ചും അറിവ് ലഭിക്കുന്നതിലേക്കായി ഫലപ്രദമായ ബോധവത്കരണ നടപടികൾ സ്വീകരിക്കുമോ? | (സി) | ബോധവത്ക്കരണ പരിപാടികൾക്കായി എല്ലാ സാമ്പത്തിക വർഷവും ആരോഗ്യവകുപ്പ് ഫണ്ട് വകയിരുത്താറുണ്ട്. സ്കൂൾ തലത്തിലും, കോളേജ് തലത്തിലും ക്യാൻസർ രോഗത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. വിവിധതരം കാൻസർ രോഗങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും നല്ലതായ ജീവിതശൈലി അവലംബിക്കുന്നതിനുള്ള ബോധവത്ക്കരണവും ആർ.സി.സി യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുൻകൈയെടുത്ത് നടത്തിവരുന്നു. ക്യാൻസർ ബോധവത്ക്കരണത്തിന് നേതൃപാടവമുള്ള സാമൂഹ്യ - ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകി അവരുടെ മേഖലകളിൽ ക്യാൻസർ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ആർ.സി.സിയുടെ നേതൃത്വത്തിൽ മറ്റു സംഘടനകളുമായി ചേർന്ന് ക്യാൻസർ ബോധവത്ക്കരണ പരിപാടികൾ വിവിധ ജില്ലകളിൽ നടത്തിവരുന്നു. ഇതിൽ സ്കൂൾ തലത്തിൽ പുകയിലയ്ക്കെതിരെയുള്ള ബോധവത്ക്കരണ പരിപാടികൾ, ഉൾനാടൻ ഗ്രാമങ്ങളിലും കടലോര പ്രദേശങ്ങളിലും നടത്തുന്ന പരിപാടികൾ എന്നിവയും ഉൾപ്പെടും. സ്തനാർബുദ ബോധവത്ക്കരണ മാസമായ ഒക്ടോബർ മാസത്തിൽ പരമാവധി ബോധവത്ക്കരണ ക്ലാസ്സുകളും പരിശീലന പദ്ധതികളും ആർ.സി.സി സംഘടിപ്പിക്കാറുണ്ട്.<br>സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന റേഡിയോ തെറാപ്പി വിഭാഗങ്ങളെ അർബുദ ചികിത്സയ്ക്കുള്ള ഒരു സമഗ്ര കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പത്തോളജി വിഭാഗങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 105 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ